കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്ന ഭക്ഷ്യധാന്യങ്ങൾ

28 (*118) ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർഷം തോറും കേന്ദ്രഗവൺമെന്റ് അനുവദിക്കുന്ന ഭക്ഷ്യ ധാന്യങ്ങൾ പൂർണ്ണമായും സംസ്ഥാന സർക്കാർ ഏറ്റെടുക്കാറുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഒരു വർഷം അനുവദിക്കുന്ന ഭക്ഷ്യധാന്യങ്ങൾ ഏറ്റെടുക്കാതിരുന്നാൽ വരും വർഷം കേന്ദ്ര വിഹിതത്തിൽ കുറവു വരാൻ സാദ്ധ്യതയുണ്ടോ ;

(സി) കഴിഞ്ഞ നാലു വർഷമായി പൊതുവിതരണ ശൃഖലയിലൂടെ വിറ്റഴിക്കാൻ അനുവദിക്കുന്ന ഭക്ഷ്യ ധാന്യങ്ങളുടെ അളവും ഏറ്റെടുക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവും എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) കേന്ദ്ര വിഹിതത്തിലുണ്ടാകുന്ന കുറവ് ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ രൂക്ഷമായ വിലക്കയറ്റത്തിന് കാരണമാകുന്നുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ,

(എ) കേന്ദ്രം അനുവദിക്കുന്ന നോർമൽ വിഹിതം പൂർണ്ണമായും ഏറ്റെടുക്കാറുണ്ട്. എന്നാൽ ഉയർന്ന വിലയ്ക്ക് കേന്ദ്രം അനുവദിക്കുന്ന വിഹിതം പൂർണ്ണമായും ഏറ്റെടുക്കാറില്ല. ഉയർന്ന വിലയ്ക്ക് ലഭ്യമാകുന്ന റേഷൻ സാധനങ്ങളും ബി.പി.എൽ., എ.പി.എൽ. വിലയ്ക്ക് ലഭ്യമാകുന്ന റേഷൻ സാധനങ്ങളും ഒരേ ഗുണനിലവാരമായതിനാൽ ഉപഭോക്താക്കളും വ്യാപാരികളും പൂർണ്ണമായും ഉപയോഗിക്കാറില്ല.

(ബി) ഒരു വർഷം മാത്രം വളരെക്കുറച്ച് റേഷൻ സാധനങ്ങൾ വിട്ടെടുക്കാതിരുന്നാൽ കേന്ദ്രവിഹിതത്തിൽ കുറവ് സംഭവിക്കുകയില്ല.

(സി) കഴിഞ്ഞ നാല് വർഷമായി പൊതുവിതരണ ശൃംഖലയ്ക്ക് അനുവദിച്ച റേഷൻ സാധനങ്ങളുടെ നോർമൽ വിഹിതത്തിന്റെ (അന്നപൂർണ്ണ ഉൾപ്പെടെ) അളവും വിട്ടെടുത്ത ഭക്ഷ്യധാന്യങ്ങളുടെ അളവും ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

Year	Allotment (IN MTs)	Lifting (In MTS)
2010-11	14,44,424	14,44,424.0
2011-12	15,88,467	15,88,327.1
2012-13	17,81,492	17,81,492.0
2013-14	15,09,540	15,09,540.0

(ഡി) കേന്ദ്ര സർക്കാർ നൽകുന്ന വിഹിതത്തിൽ വൻതോതിൽ കുറവ് വരുത്തുകയാണെങ്കിൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ വിലക്കയറ്റം ഉണ്ടാകുവാൻ സാദ്ധ്യതയുണ്ട്. കേന്ദ്രവിഹിതം കുറയാതിരിക്കാൻ സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്.

നിർമ്മാണപ്രവർത്തനങ്ങൾക്ക് ആവശ്യമായ മണൽ

29 (*119) ശ്രീ. കെ. എം. ഷാജി :

ശ്രീ. എം. ഉമ്മർ :

ശ്രീ. കെ. എൻ. എ. ഖാദർ :

ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ പ്രവർത്തനങ്ങൾക്ക് പ്രതിവർഷം ആവശ്യമായി വരുന്ന മണലിന്റെ അളവു സംബന്ധിച്ചു വിവരശേഖരണം നടത്തിയിട്ടുണ്ടോ ; എങ്കിൽ, അതു സംബന്ധിച്ച വിശദവിവരം നൽകാമോ ;

(ബി) പരിസ്ഥിതിക്കു ദോഷം വരാത്തവിധം മണലിന്റെ ലഭ്യത ഉറപ്പാക്കാനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ ; ഇക്കാര്യത്തിൽ ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപിത ശ്രമം ഉണ്ടായിട്ടുണ്ടോ ; വിശദവിവരം വെളിപ്പെടുത്തുമോ;

(സി) അശാസ്ത്രീയമായ അനധികൃത മണൽഖനനം തടയാൻ ഏതൊക്കെ ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്നു വ്യക്തമാക്കുമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ,

(എ) വിവരശേഖരണം നടത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly